# മയ്യിത്ത് സംസ്കരണം

[ Malayalam - മലയാളം - مليالم ]

﴿ تجهيز الجنازة ﴾

തയ്യാറാക്കിയത്:
അബ്ദുല്ലത്തീഫ് സുല്ലമി
മാറഞ്ചേരി

إعداد : عبداللطيف سلّمي

കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض
المملكة العربية السعودية

islamhouse.com
1431 – 2010

## പരമകാരുണികനായ അല്ലാഹുവിൻെറ നാമത്തിൽ

സർവ്വ സ്തുതിയും അല്ലാഹുവിന്ന് അവൻെറ ദൂതരിൽ അന്തിമ നായ മുഹമ്മദ് നബി(ﷺ)യിലും കുടുംബത്തിലും ബന്ധുമിത്രാദികളി ലും അല്ലാഹുവിൻെറ അളവററ കരുണാ കടാക്ഷങ്ങൾ വർഷിക്കുമാ റാകട്ടെ.

സഹോദരന്മാരേ, മരണം അത് നമുക്കെല്ലാം കടന്ന് പോകാനു ള്ള പ്രധാനപ്പെട്ട കവാടമാണ്. അത്കൊണ്ട് തന്നെ എപ്പോഴും രമി ക്കുമെന്ന പ്രതീക്ഷയോടും അതിനായുള്ള തയ്യാറെടുപ്പോടും കൂടി നാം കഴിഞ്ഞു കൂടണമെന്നാണ് ഒന്നാമതായി ഓർമ്മപ്പെടുത്താനുള്ള ത്. പ്രവാചകൻ(ﷺ) പറഞ്ഞു: ''എല്ലാ വിധ ആസ്വാദനങ്ങളേയും മുറി ച്ചുകളയുന്ന മരണത്തെ നിങ്ങൾ കൂടുതലായി ഓർക്കുക'' (തുർമുദി).

ഒരു മുസ്ലിം മരണപ്പെടുന്നതോടു കൂടി മററുള്ളവർ നിർവ്വഹി ക്കേണ്ട ഒരുപാട് ബാധ്യതകളുണ്ട് അവ സംക്ഷിപ്തമായി ഓർമ്മപ്പെ ടുത്തുകയാണ് നാഥൻ തുണക്കട്ടെ (آمين).

* മരിച്ച വ്യക്തിയുടെ കണ്ണ് അടക്കുക. നബി(ﷺ) അബൂസൽമ(رضي الله عنه) മ രണപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ കണ്ണ് അടക്കുകയും, ഇങ്ങിനെ പ റയുകയും ചെയ്തു ''ആത്മാവ് പിടിക്കപ്പെട്ടാൽ കണ്ണ് അതിനെ പി ന്തുടരുന്നതാണ്'' (മുസ്ലിം)

* അയാളുടെ സന്ധികളെല്ലാം ഉറച്ചുപോകാതിരിക്കാൻ നിവർത്തുക യും മടക്കുകയും, വയറ് വീർത്തു പോകാതിരിക്കാൻ ചെറിയ ഭാര മുള്ള വല്ലതും വെക്കുകയും ചെയ്യുക.

* ശരീരം മുഴുവനും മറയുന്ന തുണികൊണ്ട് മൂടുക. നബി(ﷺ) മരണ പ്പെട്ടപ്പോൾ അപ്രകാരം ചെയ്തതായി ആയിഷ(رضي الله عنها) പറയുന്നുണ്ട്. (ബുഖാരി, മുസ്ലിം).

* എളുപ്പത്തിൽ സംസ്കരിക്കുന്നതിനായുള്ള ഏർപ്പാടുകൾ ചെയ്യുക. നബി(ﷺ) പറഞ്ഞു: ''നിങ്ങൾ മയ്യത്തുമായി ധൃതിപ്പെടുക'' (മുത്ത ഫഖുൻ അലൈഹി).

* കഴിവതും മരിച്ച പ്രദേശത്ത് തന്നെ മറവു ചെയ്യുക. നബി(ﷺ) ഉഹ്ദിൽ കൊല്ലപ്പെട്ടവരെ അവിടെതന്നെ മറവുചെയ്യാൻ കൽപ്പിക്കുകയുണ്ടായി (അഹ്ലുസ്സുനൻ)

മരണവാർത്ത അറിയിക്കൽ ഇന്ന് ചില പ്രദേശങ്ങളിൽ വാഹനത്തിൽ മൈക്ക് കെട്ടി ഉച്ചത്തിൽ വിളിച്ചു പറയുന്ന സമ്പ്രദായം കാണപ്പെടുന്നത് ഇസ്‌ലാമികമല്ല; എന്നുമാത്രമല്ല, അത് ജാഹിലിയ്യകാലത്ത് നടപ്പിലുണ്ടായിരുന്ന ഇസ്‌ലാം വിരോധിച്ച നഅ്‌യിലാണ് ഉൾപ്പെടുക എന്ന് ഓർമ്മപ്പെടുത്തുന്നു.

മരണപ്പെട്ടവരുടെ അടുക്കലിരുന്നോ അല്ലാതെയോ അവർക്ക് വേണ്ടി ഖുർആൻ പാരായണം ചെയ്യപ്പെടുന്നതും ബിദ്അത്ത് (അനാചാരം) ആണ്. ബിദ്അത്തുകൾ നരകത്തിലേക്കാണെന്നത് നബി(ﷺ) തൻെറ എല്ലാ ഖുതുബയുടേയും ആമുഖമായി ഉണർത്താറുള്ളതായിരുന്നു. ഇക്കാര്യം ചെയ്തുവരാറുള്ള ശാഫിഈ മദ്ഹബുകാരാണെന്ന് വാദിക്കുന്നവർക്ക് പ്രസ്തുത വിഷയത്തിൽ ഇമാം ശാഫിഈ(റ) യുടെ പിൻബലം പോലുമില്ല എന്നതുമാണ് യാഥാർത്ഥ്യം.

**<u>മയ്യിത്ത് കുളിപ്പിക്കൽ</u>:** മയ്യിത്ത് കുളിപ്പിക്കുക, കഫൻചെയ്യുക, നമസ്കരിക്കുക, മറവ് ചെയ്യുക എന്നിവയെല്ലാം ഫറള് കിഫായ (സാമൂഹ്യ ബാധ്യത)യാണ്. ആരെങ്കിലും നിർവ്വഹിച്ചാൽ എല്ലാവരുടേയും കുററം ഒഴിവാകുകയും പ്രവർത്തിച്ചവർക്ക് പ്രതിഫലം ലഭിക്കുകയും ചെയ്യുന്നതാണ്.

**മയ്യിത്ത് കുളിപ്പിക്കൽ:**

* പുരുഷനാണ് എങ്കിൽ വസിയ്യത്ത് ചെയ്യപ്പെട്ട പുരുഷൻ. പിന്നെ പിതാവ്, പുത്രൻ, പൗത്രൻ, അടുത്ത കുടുംബക്കാർ.

* സ്ത്രീകളെ വസ്വിയ്യത്ത് ചെയ്യപ്പെട്ട സ്ത്രീ,മാതാവ്,മകൾ, അടുത്ത കുടുംബക്കാർ.

* ഭർത്താവിന് ഭാര്യയെ കുളിപ്പിക്കാം നബി(ﷺ) ആയിഷ(റ)യോട് പറഞ്ഞു: ''നീ എനിക്ക് മുമ്പെ മരണപ്പെട്ടാൽ നിന്നെ ഞാൻ കുളിപ്പിക്കുന്നതാണ്'' (അഹ്മദ്)

* ഭാര്യക്ക് ഭർത്താവിനേയും കുളിപ്പിക്കാം. അബൂബക്കർ(റ) ഭാര്യ

യോട് തന്നെ കുളിപ്പിക്കാൻ വസിയ്യത്ത് ചെയ്തു. (മുസ്വന്നഫ്)

* ഏഴുവയസ്സിന് താഴെയുള്ളവരെ സ്ത്രീപു രുഷ വ്യത്യാസമില്ലാതെ കുളിപ്പിക്കാം.

* അന്യ പുരുഷർക്കിടയിൽ വെച്ച് മരണപ്പെട്ട സ്ത്രീയേയും, സ്ത്രീക ൾക്കിടയിൽ വെച്ച് മരിച്ച പുരുഷനേയും കുളിപ്പിക്കാതെ തയമ്മം ചെയ്യുകയാണ് വേണ്ടത്.

കുളിപ്പിക്കുന്നത് ഒരു മറക്കുള്ളിലോ മുറിക്കകത്തോ വെച്ച് നിർ വ്വഹിക്കുക, ഉയരവും വീതിയുമുള്ള ബെഞ്ചോ കട്ടിലോ നേരത്തെ സജ്ജമാക്കുക എന്നീകാര്യങ്ങൾ ഓർത്തിരിക്കേണ്ടതാണ്. കുളിപ്പിക്കു ന്ന സമയത്തും മയ്യിത്തിൻെറ ഔറത്ത് മറച്ചിരിക്കേണ്ടതാണ്.

കുളിപ്പിക്കുന്ന വ്യക്തികളും സഹായികളും അല്ലാതെ കൂടുതൽ ആളുകൾ ഇല്ലാതിരിക്കുന്നതാണ് നല്ലത് ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാ ണ്. കുളിപ്പിക്കാൻ ഒരുങ്ങുന്നതിന് മുമ്പ് ആദ്യം താങ്ങിയിരുത്തി മാലി ന്യങ്ങൾ പുറത്തു കളയാൻ വയറ് ശക്തിയിൽ തടവുക, ശക്തിയോ ടെ വെള്ളമൊഴിക്കുകയും ചെയ്യേണ്ടതാണ്.

ശേഷം കുളിപ്പിക്കുന്നവ്യക്തി കയ്യിൽ ശീല ചുററിയോ ഗ്ലൗസ് ധരിച്ചോ തുണിയുടെ അടിയിലൂടെ മയ്യിത്തിൻെറ ലൈംഗിക ഭാഗങ്ങ ളിലേക്ക് നോക്കുകയോ സ്പർശിക്കുകയോ ചെയ്യാതെ ശൗച്യം ചെ യ്തു കൊടുത്ത്, വുദുവിൻെറ അവയവങ്ങൾ ആദ്യം കഴുകുക. പ്ര വാചകൻ(ﷺ) തൻെറ മകൾ സൈനബയുടെ മയ്യിത്ത് കുളിപ്പിക്കുന്ന വരോട് അക്കാര്യം പ്രത്യേകം പറഞ്ഞിരുന്നു.(ബുഖാരി).എന്നാൽ വാ യും മൂക്കും വിരലിൽ ശീല ചുററി വൃത്തിയാക്കിയാൽ മതിയാകും.

പിന്നീട് സോപ്പോ താളിയോ പതപ്പിച്ച് തല മുതൽ ശരീരത്തി ൻെറ മുഴുവൻ ഭാഗങ്ങളിലും ഒഴിക്കുക. തുടർന്ന് മയ്യിത്തിൻെറ മുൻ ഭാഗം വലതുഭാഗം മുന്തിച്ചുകൊണ്ട് കഴുകി തുടങ്ങുക; ഈ സമയം മയ്യിത്തിനെ ഇടതു ഭാഗത്തേക്ക് ചെരിക്കുക, കമഴ്ന്ന് വീഴാതിരിക്കു വാൻ കുളിപ്പിക്കുന്ന വ്യക്തി തൻെറ കാൽമുട്ട് മയ്യിത്തിനെ കിടത്തി യിരിക്കുന്ന ബഞ്ചിന്മേൽ വെച്ച് ഊന്നിനിൽക്കുന്നത് നന്നായിരിക്കും തുടർന്ന് ഇടതു ഭാഗവും പിൻഭാഗവും കഴുകുക. ഇങ്ങിനെ മൂന്ന് പ്രാ വശ്യം കഴുക. ഓരോ പ്രാവശ്യം കഴുകുമ്പോഴും മയ്യിത്തിൻെറ വയർ തടവുക; മാലിന്യങ്ങളുണ്ടെങ്കിൽ പുറത്ത് പോകുവാൻ അത് സഹായ

കമാകും.

ആവശ്യമെങ്കിൽ മൂന്നിലധികം പ്രാവശ്യവുമാകാവുന്നതാണ് അ ങ്ങിനെ വരുമ്പോൾ അഞ്ച് ഏഴ് എന്നിങ്ങനെ ഒററയിലായിരിക്കണം അവസാനിപ്പിക്കേണ്ടത് എന്നുമാത്രം. കുളിപ്പിക്കുമ്പോൾ അവസാനം കർപ്പൂരം കലർത്തിയ വെള്ളം ഉപയോഗിക്കൽ സുന്നത്താണ്. അത് പ്രാണികളേയും മററും അകററുന്നതും അതോടൊപ്പം സുഗന്ധവുമാണ്.

കുളിപ്പിക്കേണ്ടത് പച്ചവെള്ളത്തിൽ തന്നെയാണ് ആവശ്യമെങ്കിൽ ചുടുവെള്ളം ഉപയോഗിക്കുന്നതിനും വിരോധമില്ല. മയ്യിത്തിൻെറ മീശ, നഖം എന്നിവ വികൃതമായ രൂപത്തിൽ വളർന്നിട്ടുണ്ടെങ്കിൽ അവ വെട്ടി ശരിപ്പെടുത്താവുന്നതാണ്. എന്നാൽ ശരീരത്തിൻെറ മററുഭാഗങ്ങളിലെ രോമങ്ങൾ ഒന്നും ചെയ്യേണ്ടതില്ല. സ്ത്രീയുടെ മയ്യിത്ത് കുളിപ്പിച്ചു കഴിഞ്ഞാൽ മുടി മൂന്ന് ഭാഗമായി ചീകിയൊതുക്കി മുടഞ്ഞിടുകയോ ഒതുക്കി കെട്ടുകയോ ചെയ്യേണ്ടതാണ്. നബി(ﷺ)യുടെ മകൾ സൈനബയുടെ മയ്യിത്ത് കുളിപ്പിക്കുന്നവരോട് അങ്ങനെ ചെയ്യാൻ കൽപ്പിച്ചത് ബുഖാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുളിപ്പിച്ചു കഴിഞ്ഞാൽ നഗ്നത മറയുന്നവിധമുള്ള ഒരു അരയുടുപ്പ് ഉടുപ്പിക്കുകയും ശരീരഭാഗങ്ങളിലെ വെള്ളം തോർത്തുകയും ചെയ്യേണ്ടതാണ്. കുളിപ്പിച്ചതിന് ശേഷം എന്തെങ്കിലും മാലിന്യം പുറത്ത് വന്നാൽ ആ ഭാഗം മാത്രം വൃത്തിയാക്കി, വുളുവുണ്ടാക്കി കൊടുത്താൽ മതി. വീണ്ടും കുളിപ്പിക്കേണ്ടതില്ല.

ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച നിലയിൽ മരണപ്പെട്ടവരെ താളിയും വെള്ളവും ഉപയോഗിച്ച് കുളിപ്പിക്കുക മാത്രം ചെയ്യുക, സുഗന്ധം ഉപയോഗിക്കുകയോ പുരുഷനാണ് എങ്കിൽ തല മറക്കുകയോ ചെയ്യരുത്. ഹജ്ജിൽ മരണപ്പെട്ട ഒരാളെ സംബന്ധിച്ച് നബി(ﷺ) ''നിങ്ങൾ അദ്ദേഹത്തിന് സുഗന്ധം ഉപയോഗിക്കുകയോ, തല മറക്കുകയോ ചെയ്യരുത്; അദ്ദേഹം തൽബിയത്ത് ചൊല്ലിക്കൊണ്ടായിരിക്കും ഉയർത്തെഴുന്നേൽപ്പിക്കപ്പെടുക'' (മുത്തഫഖുൻ അലൈഹി) എന്ന് പറഞ്ഞത് ശ്രദ്ധേയമാണ്.

യുദ്ധക്കളത്തിൽ വെച്ച് രക്തസാക്ഷികളാകുന്നവരെ കുളിപ്പിക്കാൻ പാടില്ല. നബി(ﷺ) ''ഉഹ്ദിലെ രക്തസാക്ഷികളെ അവർ കൊല്ലപ്പെ

ടുമ്പോൾ ധരിച്ച വസ്ത്രത്തിലായി, കുളിപ്പിക്കാതെ മറവുചെയ്യാൻ കൽപ്പിക്കുകയുണ്ടായി'' (ബുഖാരി). ''അവർക്ക് നമസ്കരിക്കേണ്ടതുമില്ല'' (മുത്തഫഖുൻ അലൈഹി).

4 മാസം പ്രായമെത്തിയ ഗർഭസ്ഥശിശു മരണപ്പെട്ടാൽ അതിനെ കുളിപ്പിക്കുകയും നമസ്കരിക്കുകയും ചെയ്യേണ്ടതാണ്. കാരണം നബി(ﷺ) പറഞ്ഞു: ''നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ വയററിൽ നാലുമാസം ബീജവും, പിന്നെ രക്തപിണ്ഡവും പിന്നെ മാംസപിണ്ഡവുമായിരിക്കും ശേഷം അല്ലാഹു ഒരു മലക്കിനെ അയക്കുകയും അതിൽ ആത്മാവിനെ ഊതുകയും ചെയ്യും''(മുസ്ലിം).

നാല്മാസം പ്രായമെത്തുന്നതിനു മുമ്പ് മരണപ്പെട്ട ചാപ്പിള്ളയെ കുളിപ്പിക്കുകയോ നമസ്കരിക്കുകയോ ചെയ്യേണ്ടതില്ല.

കുളിപ്പിക്കാൻ വെള്ളം ലഭ്യമല്ലാതിരിക്കുകയോ കുളിപ്പിക്കാൻ കഴിയാത്തവിധം കത്തിക്കരിയുകയോ, അഴുകുകയോ ചെയ്ത മയ്യിത്തിനെ തയമ്മം ചെയ്യേണ്ടതാണ്. (ശുദ്ധമായ ഭൂ ഉപരിതലത്തിൽ ഇരു കൈപ്പത്തി കൊണ്ട് ഒരടി അടിച്ച് മുഖവും കൈപ്പടങ്ങളും ഒരുപ്രാവശ്യം മാത്രം തടവലാണ് തയമ്മം).

മയ്യിത്ത് കുളിപ്പിക്കുന്നവർ നല്ലതല്ലാത്ത വല്ലതും കുളിപ്പിക്കുമ്പോൾ കാണാനിടയായാൽ അത് മറച്ചുവെക്കേണ്ടതാണ്. ''ആരെങ്കിലും ഒരാളെ കുളിപ്പിക്കുമ്പോൾ കാണാനിടയാകുന്നവ മറച്ചുവെച്ചാൽ അവൻെറ നാൽപ്പത് പാപങ്ങൾ അല്ലാഹു പൊറുക്കുന്നതാണ്'' എന്ന് നബിവചനങ്ങളിൽ കാണാവുന്നതാണ്. (ഹദീസ് ഹാകിം).

**കഫൻചെയ്യൽ:**

മയ്യിത്ത് കഫൻ ചെയ്യൽ (മുഴുവൻ മറയുന്ന വിധം വസ്ത്രത്തിൽ പൊതിയൽ) നിർബന്ധമാണ്. അതിനുള്ള ചിലവ് മയ്യിത്തിൻെറ ധനത്തിൽനിന്നു തന്നെയായിരിക്കണം കണ്ടെത്തേണ്ടത്. കടം, വസിയ്യത്ത്, അനന്തരാവകാശം എന്നിവയേക്കാളെല്ലാം മയ്യിത്ത് പരിപാലനത്തിന് മുൻഗണന നൽകേണ്ടതാണ്.

മരിച്ച വ്യക്തിയുടേതായി ചിലവ് ചെയ്യാൻ ധനമില്ലാത്ത സാഹചര്യത്തിൽ അയാൾക്ക് ചിലവ് നൽകിയിരുന്നവരാണ് മയ്യിത്ത് സംസ്കരണ ചിലവ് കണ്ടെത്തേണ്ടത്.അയാളുടെ പിതാവോ മക്കളോ ആരാ

യിരുന്നാലും ശരി. അതുമില്ലാത്തപ്പോൾ പൊതുഫണ്ടിൽ നിന്നോ അതല്ലെങ്കിൽ അക്കാര്യം അറിയുന്ന കഴിവുള്ള ഏതെങ്കിലും മുസ്‌ലിമോ വഹിക്കേണ്ടതാണ്.

ശരീരം മുഴുവനായും മറയുന്ന ഒരു വസ്ത്രമാണ് നിർബന്ധമുള്ളത്. എന്നാൽ മൂന്ന് വെള്ള വസ്ത്രത്തിലായിരിക്കലാണ് സുന്നത്ത്. നബി(ﷺ)യെ അപ്രകാരമായിരുന്നു കഫൻചെയ്തത് (മുത്തഫഖുൻ അലൈഹി).

എന്നാലത് കൂടുതൽ വിലപിടിപ്പുള്ളതും മുന്തിയതും ആകാൻ പാടില്ല. പുതിയത് തന്നെ ആയിരിക്കൽ നിർബന്ധമുള്ള കാര്യമല്ല; പഴയതും ആകാവുന്നതാണ്. സ്വഹാബികൾ പലരും പഴയ വസ്ത്രത്തിൽ കഫൻ ചെയ്യാൻ വസിയ്യത്ത് ചെയ്തിരുന്നു. കഫൻ പുടവ വെളുത്തതായിരിക്കൽ സുന്നത്താണ്. ജീവിച്ചിരിക്കുന്നവർക്കും അതാണ് ഉത്തമമെന്ന് നബി(ﷺ) വ്യക്തമാക്കിയിട്ടുണ്ട്.

കഫൻ പുടവയിൽ സുഗന്ധം പുകക്കുകയും കുടയുകയും ചെയ്ത ശേഷം മൂന്നും ഒന്നിനു മുകളിൽ ഒന്ന് എന്ന നിലയിൽ നിവർത്തി വിരിച്ച ശേഷം മയ്യിത്ത് അതിൽ കൊണ്ടുവന്ന് കിടത്തുക; കെട്ടുന്നതിനുള്ള കയർ മുൻകൂട്ടി കഫൻപുടവയുടെ അടിയിൽ ഇടുന്നത് നന്നായിരിക്കും. മയ്യത്തിൻെറ ശരീരത്തിലെ തുറക്കപ്പെട്ട ദ്വാരങ്ങളിലെല്ലാം (കണ്ണ്, മൂക്ക്...) സുഗന്ധം പൂശിയ പഞ്ഞി വെക്കുന്നതും ദുർഗന്ധമുണ്ടെങ്കിലത് അകററാൻ നന്നായിരിക്കും. അപ്രകാരം ശരീരത്തിൻെറ എല്ലാഭാഗങ്ങളിലും വിശേഷിച്ചും സുജൂദിൻെറ അവയവങ്ങളിൽ പ്രത്യേകം സുഗന്ധം പൂശുന്നത് ഉത്തമമാണ്.

തുടർന്ന് ഏററവും മുകളിൽ വിരിച്ച ഒന്നാമത്തെ കഷ്ണം തുണിയുടെ വലതുഭാഗം ഇടതു ഭാഗത്തേക്ക് പൊതിയുക, ശേഷം ഇടത് ഭാഗം വലത്തോട്ടും. രണ്ടും മൂന്നും തുണികളും അപ്രകാരം ചെയ്യുകയും. എല്ലാ തുണികളും ചുററിപ്പൊതിഞ്ഞ്, കെട്ടാൻ ഇട്ട കയറുകൾ കൊണ്ട് കെട്ടുക. അത് ഏഴ് ആകാം അതല്ലെങ്കിൽ മൂന്ന് കൊണ്ട് മതിയാക്കുകയും ചെയ്യാം. രണ്ട് അററങ്ങളിൽ കെട്ടുന്നതോടൊപ്പം കഫൻ പുടവയുടെ ബാക്കിനിൽക്കുന്ന അററങ്ങളും കൂട്ടിയാണ് കെട്ടേണ്ടത്.

പുരുഷന്മാർക്ക് മേൽപറഞ്ഞവിധം അരയുടുപ്പും മൂന്ന് കഷ്ണം

തുണിയും, സ്ത്രീകൾക്ക് അരയുടുപ്പ്, മുഖമക്കന, നമസ്കാരക്കുപ്പായ രൂപത്തിൽ ശരീരം മുഴുവൻ മറയുന്ന മറെറാരു വസ്ത്രം, രണ്ട് കഷ്ണം തുണി എന്നിങ്ങനെ അഞ്ച് വസ്ത്രവുമായിരിക്കണം കഫൻ പുടവ. കൂടാതെ (അരയുടുപ്പിനടിയിൽ ഗുഹ്യഭാഗം പരുത്തി കൊണ്ട് ഭദ്രമാക്കി ഒരുകഷ്ണം തുണി ത്രികോണാകൃതിയിൽ കഷ്ണിച്ച് ലങ്കോട്ടി രൂപത്തിൽ ഉടുപ്പിക്കൽ നല്ലതാണ്).

**മയ്യിത്ത് നമസ്കാരം:**

മയ്യിത്ത് നമസ്കാരം വളരെയേറെ പ്രതിഫലാർഹമായ ഒരു പുണ്യകർമ്മമാണ് എന്ന കാര്യം ഇന്ന് അധികപേരും ശ്രദ്ധിക്കുന്നില്ല. അത് ആരെങ്കിലും നിർവ്വഹിച്ചാൽ എല്ലാവരുടേയും കുററം ഒഴിവാവുകയും നിർവ്വഹിച്ചവർ മാത്രം പ്രതിഫലാർഹരാവുകയും ചെയ്യുന്ന, ഫർള് കിഫായയാണ്.

മയ്യിത്തിൻെറ ഏററവും അടുത്തവരാണ് ഇമാമത്ത് നിൽക്കേണ്ടത് പുരുഷനാണെങ്കിൽ തല ഭാഗത്തും സ്ത്രീയുടെ മയ്യിത്താണ് എങ്കിൽ മദ്ധ്യഭാഗത്തുമായിരിക്കണം ഇമാമ് നിൽക്കേണ്ടത് എന്ന് നബിചര്യയിൽ നിന്നും (അബൂദാവൂദ്) മനസ്സിലാക്കാവുന്നതാണ്.

നാല് തക്ബീറുകളാണ് ഈ നമസ്കാരത്തിന് ഉള്ളത് ഓരോ തക്ബീറിനോടൊപ്പവും മററുനമസ്കാരത്തിൽ തക്ബീറത്തുൽ ഇഹ്റാം നിർവ്വഹിക്കാറുള്ളത് പോലെ രണ്ട് കൈകൾ ചുമലുകൾക്ക് നേരെ ഉയർത്തിയ ശേഷം നെഞ്ചുകളിൽ വെക്കേണ്ടതാണ്.

ഒന്നാം തക്ബീറിന് ശേഷം സൂറത്തുൽ ഫാതിഹ: ഓതുക: (അഊദു ബില്ലാഹി മിനശ്ശൈത്വാനിർ റജീം, ബിസ്മില്ലാഹിർ റഹ്മാനിർറഹീം, അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ, അർറഹ്മാനിർറഹീം, മാലികി യൗമിദ്ദീൻ, ഇയ്യാക്കനഅ്ബുദു വഇയ്യാക്ക നസ്തഈൻ, ഇഹ്ദിന സ്വിറാത്വൽ മുസ്തഖീം സ്വിറാത്വല്ലദീന അൻഅംത അലൈഹിം ഗ്വയ്രിൽ മഗ്ളൂബി അലൈഹിം വലള്ള്വാല്ലീൻ (ആമീൻ)

തുടർന്ന് കൈകൾ മുകളിൽ പറഞ്ഞപോലെ അഴിച്ചുകെട്ടി നബി (ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുക: (അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദ് കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാആലി ഇബ്റാഹീം ഇന്നക്ക ഹമീദുൻ മജീദ്, അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദ് കമാ ബാറക്

ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീം ഇന്നക ഹമീദുൻ മ ജീദ്)

മൂന്നാം തക്ബീറിന്ന് ശേഷം മയ്യിത്തിന് വേണ്ടി പ്രാർത്ഥിക്കുക: പ്രാർത്ഥന വ്യത്യസ്ഥ രൂപത്തിൽ ഹദീസുകളിൽ കാണാവുന്നതാണ് ഒരു രൂപം താഴെ ചേർക്കുന്നു:

'അല്ലാഹുമ്മ ഗ്ഫിർ ലഹു വർഹംഹു വആഫിഹി വഅ്ഫു അൻഹു വഅക്രിം നുസ്‌ലഹു വവസ്സിഅ് മദ്ഖലഹു വഗ്സിൽഹു ബിൽമാഇ വഥ്ഥൽജി വൽ ബർദ് വനഖിഹി മിനൽ ഖത്വായാ കമാ യുനഖ ഥ്ഥൗബുൽ അബ്‌യളു മിനദ്ദനസ് വഅബ്ദിൽഹു ദാറൻ ഖയ്റൻ മി ൻ ദാരിഹി, വഅഹ്‌ലൻ ഖയ്റൻ മിൻ അഹ്‌ലിഹി, വസൗജൻ ഖൈറ ൻ മിൻ സൗജിഹി വഅദ്ഖിൽഹുൽ ജന്നത്ത വഅ ഇദ്ഹു മിൻ അ ദാബിൽ ഖബ്രി വഅദാബിന്നാർ.' (മുസ്‌ലിം)

മയ്യിത്ത് ചെറിയ കുട്ടിയുടേതാണ് എങ്കിൽ മാതാപിതാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് വേണ്ടത് (അബൂദാവൂദ്).

'അല്ലാഹുമ്മ ജ്അൽഹു ഫറത്വൻ ലി അബവൈഹി വസലഫൻ വദു ഖ്റൻ വഉളതൻ വഅ്തിബാറൻ വശഫീഅൻ വഥഖ്ഖിൽ ബിഹി മ വാസീനഹുമാ വഅഫ്‌രിഗി സ്വബ്റ അലാ ഖുലൂബിഹിമാ'

നാലാം തക്ബീറിന് ശേഷം അല്ലാഹുമ്മ ലാ തുഹർരിംനാ അജ് റഹു വലാ തഫ്തിന്നാ ബഅ്ദഹു (അല്ലാഹുവേ ഇതിൻെറ പ്രതിഫലം നീ ഞങ്ങൾക്ക് തടയരുതേ, ഇദ്ദേഹത്തിനു ശേഷം നീ ഞങ്ങളെ നാശ ത്തിലാക്കുകയും അരുതേ)എന്നു പറയുകയും ശേഷം അസ്സലാമു അ ലൈക്കും വറഹ്മത്തുല്ലാ എന്ന് പറഞ്ഞുകൊണ്ട് സലാം വീട്ടുകയും ചെയ്യുക.

ആർക്കെങ്കിലും മയ്യിത്ത് നമസ്കാരം നിർവ്വഹിക്കുന്നതിന് കഴി ഞ്ഞിട്ടില്ലെങ്കിൽ അവർക്ക് ഖബറിന്ന് അടുത്ത് ചെന്ന് ഖബറിനെ ത ൻേറയും ഖിബ്‌ലയുടേയും ഇടയിലാക്കി നമസ്കരിക്കുക എന്നതാണ് ഇക്കാര്യത്തിലെ നബിചര്യ (മുതഫഖുൻ അലൈഹി).

ഒരു പ്രദേശത്ത് മരണപ്പെട്ട വ്യക്തിക്ക് അവിടെ ആരും അയാൾ ക്ക് വേണ്ടി നമസ്കരിച്ചിട്ടില്ലെങ്കിൽ അയാൾക്ക് വേണ്ടി അദൃശ്യ മാ യും നമസ്കരിക്കരിക്കാവുന്നതാണ്. മയ്യിത്ത് നമസ്കാരം നിർവ്വഹി ക്കുന്നതിന് മഖ്ബറയോടടുത്ത് പ്രത്യേക സ്ഥലം ഏർപ്പെടുത്തൽ ന

ല്ലതാണ്. പള്ളിയിൽ വെച്ചാകലും അനുവദനീയമാണ്.

**മയ്യിത്ത് മറവു ചെയ്യൽ:**

മയ്യിത്ത് എളുപ്പത്തിൽ മറവുചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ''നിങ്ങൾ മയ്യിത്തുമായി ധൃതികാണിക്കുക'' എന്ന നബി വചനം പ്രത്യേകം പ്രസ്താവ്യമാണ്. മയ്യിത്ത് കൊണ്ടു പോകുമ്പോൾ മൗനം പാലിച്ച് കൊണ്ടുപോകലാണ് നബിചര്യ. അതല്ലാതെ ദിക്റുകൾ ചൊല്ലികൊണ്ടുപോകൽ അനാചാരമാണ്.കഴിവതും നാലുപേർ ചുമന്ന് കൊണ്ട് പോകലാണ് സൗകര്യം. കൊണ്ട് പോകുന്ന സമയത്ത് മററുള്ളവർ മുന്നിലും പിന്നിലും ഇടത്തും വലത്തുമെല്ലാം നടക്കാവുന്നതാണ്. എന്നാൽ എല്ലാവരും ഒരു ഭാഗത്ത് മാത്രമാകുന്നത് ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മറവുചെയ്യുന്നത് രാത്രിയിലോ പകലോ സൗകര്യം പോലെ ആകാവുന്നതാണ്. എന്നാൽ മൂന്ന് സമയങ്ങളിൽ നമസ്കരിക്കുന്നതും ഖബറടക്കം ചെയ്യുന്നതും നബി(ﷺ) വിരോധിച്ചിട്ടുണ്ട്: പ്രസ്തുത സമയങ്ങളിൽ ആകാതിരിക്കാൻ ശ്രമിക്കുന്നത് നല്ലതാണ് അവ സൂര്യൻ ഉദിക്കുന്ന സമയം, നേരെ മദ്ധ്യാഹ്നത്തിൽ വരുന്ന സമയം, അസ്തമയ സമയം എന്നിവയാണ് (മുസ്ലിം).

മയ്യിത്ത് ഖബറിലേക്ക് ഇറക്കുന്നത് ഖബറിൽ കാല് വരുന്ന ഭാഗത്തു കൂടിയായിരിക്കണം അതല്ലെങ്കിൽ ഖബറിന് സമാന്തരമായി ഖിബ്ലയുടെ ഭാഗത്ത് കൂടിയും ആകാവുന്നതാണ്. ഖബറിലേക്ക് ഇറക്കുമ്പോൾ ബിസ്മില്ലാഹി വഅലാ മില്ലത്തി റസൂലില്ലാ (അല്ലാഹുവിൻെറ നാമത്തിൽ നബി(ﷺ)യുടെ ചര്യയിലായിക്കൊണ്ട്) എന്ന് പറയൽ സുന്നത്താണ് (അബൂദാവൂദ്).

ഖബർ, മറവുചെയ്യാൻ മാത്രം ആഴമുള്ള കുഴിയുണ്ടാക്കി ഖിബ്ലയുടെ ഭാഗം തുരന്ന് അതിൽ മയ്യത്ത് വെക്കുന്ന വിധം ഉണ്ടാക്കലാണ് കൂടുതൽ ഉത്തമം ഈ രൂപത്തിന് 'ലഹ്ദ്' എന്ന് പറയും. അതല്ലെങ്കിൽ സാധാരണ നമ്മുടെ നാട്ടിൽ പതിവുള്ള വിധം അടിയിൽ വീണ്ടും കുഴിക്കുന്ന രൂപത്തിലുമാകാം ഇതിന് ശക്ക് എന്നും പറയും. നബി(ﷺ) 'ലഹ്ദ്' ആണ് നമുക്ക് ഉത്തമം എന്ന് വ്യക്തമാക്കിയിട്ടുണ്ട് (അബൂദാവൂദ്)

മയ്യിത്ത് വലത് ഭാഗം നിലത്ത് വരത്തക്ക വിധം ഖിബ്ലക്ക് അഭി മുഖമായാണ് ഖബറിൽ വെക്കേണ്ടത്. നബി(ﷺ) പറഞ്ഞു: ''കഅബ യാണ് നിങ്ങളുടെ ഖിബ്ല അത് ജീവിച്ചിരിക്കുന്നവരുടേയും മരണ പ്പെട്ടവരുടേയും''(അഹ്ലുസ്സുനൻ)

ഖബറടക്കുന്ന സമയത്ത് മയ്യിത്തിന് മണ്ണിൻേറയോ കല്ലിൻേറ യോ തലയണ പോലുള്ളതൊന്നും വെച്ച് കൊടുക്കേണ്ടതില്ല; അതു പോലെ ഇഹ്റാമിൽ പ്രവേശിച്ച് മരണപ്പെട്ടവരല്ലാത്തവരുടെ മുഖവും തുറന്നിടേണ്ടതില്ല. മയ്യിത്ത് ഖബറിൽ വെച്ച ശേഷം ഖബർ ഹുരുടീസ് (പലക, കല്ല്, സിമൻറ് സ്ലാബ് പോലുള്ളത്) കൊണ്ട് അടക്കുകയും ശേഷമുള്ള വിടവുകൾ നനച്ച മണ്ണ് കൊണ്ട് അടക്കുകയും ചെയ്യേണ്ട താണ്. പിന്നീട് അവിടെ ഹാജറുള്ളവരെല്ലാം മൂന്ന് വാരൽ മണ്ണ് തങ്ങ ളുടെ കൈകൾകൊണ്ട് വാരിയിടൽ സുന്നത്താണ് (ഇബ്നുമാജ)

ഖബറാണ് എന്ന് അറിയപ്പെടുന്നതിനും നിന്ദിക്കാതിരിക്കുന്നതി നും വേണ്ടി ഒരു ചാൺ ഖബർ ഉയർത്തുക എന്നതാണ് ഈ വിഷയ ത്തിലെ സുന്നത്ത്. അത് മനസ്സിലാകും വി ധം ഒട്ടകത്തിൻെറ പൂഞ്ഞ പോലെ കൂന രൂപത്തിൽ ആക്കുന്നതിന്ന് വിരോധമില്ല. പ്രവാചക ൻെറ ഖബർ അപ്രകാരമായിരുന്നു (ബുഖാരി). ഖബറിന് മുകളിൽ ച രൽ കല്ലുകൾ വിതറുകയും (അബൂദാവൂദ്) അതിനു മീതെ വെള്ളം കുടയുകയും (അൽബാനിയുടെ ഇർവാഅ്) ചെയ്തിരുന്നതായി ഹദീ സുകളിൽ കാണാവുന്നതാണ്. അപ്രകാരം നബി(ﷺ), ഉഥ്മാനുബ്നു മള്ഊൻ(رضي الله عنه) ഖബറിന് മുകളിൽ തലഭാഗത്ത് കല്ല് നാട്ടിയതായും (അ ബൂദാവൂദ്) സ്ഥിരപ്പെട്ടിട്ടുള്ളതാണ്.

ഖബറിന്മേൽ തൂപ്പ് കുത്തുക (ചെടികളുടെ കൊമ്പുകളോ,തൈ കളോ കുത്തുക എന്നതിന് മാതൃക കാണുന്നില്ല. നമ്മുടെ നാടുകളി ൽ കണ്ടുവരുന്ന അത്തരം ഏർപ്പാടുകൾ ഉപേക്ഷിക്കുന്നതാണ് നല്ലത്. സന്ദർശകർക്കത് ബുദ്ധിമുട്ടുണ്ടാക്കും. ശ്മശാനം പള്ളികളോട് ചേർ ന്നാകുമ്പോൾ തീർത്തും ഒഴിവാക്കേണ്ടതാണ്. പള്ളിക്കാടും ഭീകരത യും ആളുകളെ പള്ളികളിൽ നിന്നും അകററുമെന്നത് തർക്കമററതാ ണ്.

ഖബർ കെട്ടിപ്പൊക്കുക, കുമ്മായം(സിമൻറ് മുതലായവ) തേക്കു ക, കെട്ടിടം പണിയുക, ഖബറിന്മേൽ എഴുതുക, ചവിട്ടുക, ചാരിനിൽ ക്കുക, ഇരിക്കുക എന്നതെല്ലാം ഹറാമും നബി(ﷺ) വിരോധിച്ചിട്ടുള്ള

തുമാണ് (മുസ്‌ലിം).

ഒന്നിലധികം പേരെ ഒരു ഖബ്റിൽ നിർബന്ധ സാഹചര്യത്തില ല്ലാതെ മറവ് ചെയ്യാതിരിക്കലാണ് ഉത്തമം; ഒന്നിച്ച് മറവ് ചെയ്യുന്ന അ വസരത്തിലും മണ്ണുകൊണ്ടെങ്കിലും ഒരു മറ സ്വീകരിക്കേണ്ടതാണ്. ഉ ഹ്ദിലെ രക്ത സാക്ഷികളെ ഒന്നിച്ച് മറവ് ചെയ്തപ്പോൾ അപ്രകാരം ചെയ്തതായി വന്നിട്ടുണ്ട്.

**തഥ്ബീത്ത്:**

മയ്യിത്ത് മറവുചെയ്തു കഴിഞ്ഞാൽ മയ്യിത്തിന് ചോദ്യസമയത്ത് സ്ഥൈര്യത്തിനും പാപമോചനത്തിനും വേണ്ടി ഖബറിന്നടുത്ത് വെ ച്ച് പ്രാർത്ഥിക്കേണ്ടതാണ്.നബി(ﷺ) ഇപ്രകാരം പറയാറുണ്ടായിരുന്നു: ''നിങ്ങൾ നിങ്ങളുടെ സഹോദരന്ന് വേണ്ടിപാപമോചനത്തിനായി പ്രാ ർത്ഥിക്കുകയും അദ്ദേഹത്തിന് തഥ്ബീത്ത് (സ്ഥൈര്യം) ചോദിക്കുക യും ചെയ്യുക'' (അബൂദാവൂദ്).

ഇതിൻെറ അടിസ്ഥാനത്തിൽ സ്വഹാബികൾ മറവുചെയ്ത ശേ ഷം പ്രാർത്ഥിക്കുകയും പ്രാർത്ഥിക്കണമെന്ന് വസിയ്യത്ത് ചെയ്യുക യും ചെയ്തിരുന്നു. അത് ഒരു ഒട്ടകത്തെ അറുത്ത് തോൽ പൊളിച്ച് വിതരണം ചെയ്യുന്നത്ര സമയം ദീർഘമായി നിർവ്വഹിക്കാൻ സ്വഹാ ബികളിൽ ചിലർ വസിയ്യത്ത് ചെയ്തിരുന്നു. എന്നാൽ പ്രാർത്ഥിക്കേ ണ്ട പദങ്ങൾ ഇന്നതായിരിക്കണമെന്ന് പഠിപ്പിച്ചിട്ടില്ല. മേൽ പറയപ്പെട്ട ആശയത്തിൽ ഏത് പദങ്ങളുമാകാവുന്നതാണ്. എന്നാൽ പ്രചാരത്തി ലുള്ളതും കുററകരമല്ലാത്തതുമായ ഒരു പ്രാർത്ഥന ഇപ്രകാരമാണ്. അല്ലാഹുമ്മ ഥബ്ബിത്ഹു ഇൻദ സ്സുആൽ (അല്ലാഹുവേ ഇദ്ദേഹത്തിന് ചോദ്യസമയത്ത് നീ സ്ഥൈര്യം നൽകേണമേ) അല്ലാഹുമ്മ അൽ ഹിംഹുൽ ജവാബ് (അല്ലാഹുവേ ഇദ്ദേഹത്തിന് ഉത്തരങ്ങൾ നീ തോ ന്നിപ്പിച്ച് കൊടുക്കേണമേ) അല്ലാഹുമ്മ ജാഫിൽ ഖബ്റ അൻ ജൻ ബൈഹി (അല്ലാഹുവേ ഇദ്ദേഹത്തിൻെറ പാർശ്വങ്ങളിൽ നിന്നും ഖബ റിനെ നീ അകററേണമേ) അല്ലാഹുമ്മ ഗ്ഫിർ ലഹു വർഹംഹു (അ ല്ലാഹുവേ ഇദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കുകയും കരുണ ചെ യ്യുകയും ചെയ്യേണമേ) അല്ലാഹുമ്മ ആമിൻഹു മിൻ കുല്ലിൽ ഫസ അ് (അല്ലാഹുവേ എല്ലാ വിധ പരിഭ്രമങ്ങളിൽ നിന്നും ഇദ്ദേഹത്തിന് നീ നിർഭയത്വം നൽകേണമേ)

ഇത് മയ്യിത്തിനുവേണ്ടി അല്ലാഹുവിനോടുള്ള പ്രാർത്ഥനയാണ്. ഇതാണ് സുന്നത്ത്. എന്നാൽ ഇതിനുപകരം മയ്യത്തിന് നേരിട്ട് ചോദ്യ ങ്ങളുടെ ഉത്തരം പറഞ്ഞുകൊടുത്ത് അല്ലാഹുവിനെ പററിക്കാൻ നോ ക്കുന്ന ഒരു സമ്പ്രദായം തൽഖീൻ എന്നപേരിൽ ചിലയിടങ്ങളിൽ നട പ്പുള്ളത് തനിച്ച അനാചാരമാണ്.

മരണവീട്ടുകാർക്ക് മററുള്ളവർഭക്ഷണമുണ്ടാക്കി എത്തിച്ചു കൊ ടുക്കലും സുന്നത്താണ്. നബി(ﷺ) ജഅ്ഫറുബ്നു അബീത്വാലിബ് മു അ്തത്ത് യുദ്ധത്തിൽ ശഹീദായ വിവരം ലഭിച്ചപ്പോൾ ''നിങ്ങൾ ജഅ് ഫറിൻെറ കുടുംബത്തിന് ഭക്ഷണമുണ്ടാക്കി എത്തിക്കുക അവരെ അ തിൽ നിന്ന് ശ്രദ്ധതെററിക്കുന്ന കാര്യമാണല്ലൊ സംഭവിച്ചിട്ടുള്ളത്'' (അബൂദാവൂദ്) എന്നറിയിച്ചു.

എന്നാലിന്ന് നടപ്പുള്ള മയ്യിത്തിൻെറ ആളുകൾ ഭക്ഷണമുണ്ടാ ക്കി മററുള്ളവരെ തീററിക്കുന്നത് വെറുക്കപ്പെട്ടതാണ്; കാരണം സ്വ ഹാബികൾ പറയുന്നു 'മയ്യിത്തിൻെറ ആളുകൾ ഭക്ഷണമുണ്ടാക്കി അ തിൽ ആളുകൾ ഒരുമിച്ചു കൂടുന്നതെല്ലാം (ഹറാമായ)നിയാഹത്ത് അ ഥവാ ചരമവിലാപമായിട്ടാണ് ഞങ്ങൾ കണക്കാക്കുന്നത്' (അഹ്മദ്)

**ഖബർ സന്ദർശനം:**

പുരുഷന്മാർക്ക് ഖബർ സന്ദർശിക്കലും ഖബറാളിക്ക് വേണ്ടി പ്രാർത്ഥിക്കലും സുന്നത്താണ്.നബി(ﷺ)പറഞ്ഞു:'ഞാൻ നിങ്ങൾക്ക് ഖബർ സന്ദർശനം വിരോധിച്ചിരുന്നു ഇനി നിങ്ങൾ സന്ദർശിച്ചു കൊ ള്ളുക;അത് നിങ്ങളെപരലോകത്തെ ഓർമ്മിപ്പിക്കുന്നതാണ്'(മുസ്ലിം)

എന്നാൽ സ്ത്രീകൾക്ക് ഉത്തമമല്ല. ഖബറുകൾ നിരന്തരമായി സ ന്ദർശിക്കുന്ന സ്ത്രീകളെ നബി(ﷺ) ശപിച്ചതായി ഹദീസുകളിൽ കാ ണാവുന്നതാണ്. അതിനാൽ സ്ത്രീകൾക്ക് ഖബർ സന്ദർശനം നിഷി ദ്ധമാണെന്ന അഭിപ്രായമുള്ളവരുമുണ്ട്. ഖബർസന്ദർശന സമയത്തെ പ്രാർത്ഥനകളിൽ ഒന്ന് താഴെ ചേർക്കുന്നു:
അസ്സലാമു അലൈക്കും ദാറ ഖൗമിൽ മുഅ്മി നീൻ ഇൻ ശാഅല്ലാ ഹു വ ഇന്നാ ബികും ലാ ഹിഖൂൻ (മുസ്ലിം) ഇത് സത്യത്തിൽ അ ല്ലാഹുവോടുള്ള പ്രാർത്ഥനയാണ് ''വിശ്വാസികളുടെ ഭവനങ്ങൾക്ക് അല്ലാഹുവിൻെറ രക്ഷയുണ്ടാകട്ടെ; അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നുചേരാനുള്ളവരാണ്'' എന്നതാണ് ഇതിൻെറ അ

ർത്ഥം.

എന്നാൽ ഇത് മരണപ്പെട്ടവരെ വിളിക്കലല്ലെ എന്ന് പറഞ്ഞ് സാധാരണക്കാരായ ആളുകളെ വഴിപിഴപ്പിക്കുന്നവരുണ്ട്. അത്കൊണ്ട് ഇത് അല്ലാഹുവിനോടുള്ള പ്രാർത്ഥനയാണ് എന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

സാധാരണ ഒരു ഖബറിന് നൽകപ്പെടേണ്ടതിനേക്കാൾ പ്രത്യേകമായി ചില ഖബറുകൾക്ക് നേരെ കാണിക്കുന്ന ആദരവുകളും, അത്തരം ഖബറുകളെ തൊട്ടുമുത്തിയും തലോടിയും ബർക്കത്തെടുക്കലും, ഖബറാളികൾക്ക് നേർച്ച വഴിപാടുകൾ അർപ്പിക്കലും അവരോട് പ്രാർത്ഥിക്കലുമെല്ലാം ഇസ്‌ലാം വിരോധിച്ച ശിർക്കിലേക്ക് എത്തിക്കുന്ന മാർഗ്ഗങ്ങളാണ്. ഖബറാളികളോട് പ്രാർത്ഥിക്കലല്ല; മറിച്ച് ഖബറാളികൾക്ക് വേണ്ടി ജീവിച്ചിരിക്കുന്നവർ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ് വേണ്ടത്.

**അനുശോചനം:**

മരിച്ച വ്യക്തിയുടെ കുടുംബത്തെ സാന്ത്വനപ്പെടുത്തലും സമാധാനിപ്പിക്കലും സുന്നത്താണ്. അത്തരം സന്ദർഭത്തിൽ പറയേണ്ടത്: ഇന്ന ലില്ലാഹി മാ അഹദ വ ലഹു മാഅഅ്ത്വാ വ കുല്ലു ശൈഇൻ ഇൻദഹു ബി അജലിൻ മുസമ്മാ, ഫസ്ബിർ വഹ് തസിബ് (നിശ്ചയം അല്ലാഹു എടുത്തതും നൽകിയതുമെല്ലാം അവൻെറത് തന്നെ, എല്ലാററിനും അവൻെറയടുക്കൽ ഒരു നിശ്ചിത അവധിയുണ്ട്. അതിനാൽ ക്ഷമിക്കുക പ്രതിഫലം പ്രതീക്ഷിക്കുക)എന്നാണ് (ബുഖാരി,മുസ്‌ലിം)

മയ്യിത്തിനോടുള്ള ദു:ഖംകാരണം വിഷമത്തോടെ കഴിയൽ മൂന്ന് ദിവസത്തേക്കാൾ കൂടാൻ പാടില്ല. എന്നാൽ ഭർത്താവിൻെറ വേർപാടിൽ ഭാര്യ, നാലു മാസവും പത്ത് ദിവസവും ഇദ്ദ ആചരിക്കേണ്ടതാണ്. ഈ സമയത്ത് ആഢംബരങ്ങൾ വർജിക്കലാണ് നല്ലത്. പ്രത്യേക നിറത്തിലുള്ള വസ്ത്രംധരിച്ച് ഇരുട്ടറയിൽ കഴിയുക എന്നൊന്നും മതം പഠിപ്പിക്കുന്നില്ല. ഈ സന്ദർഭത്തിൽ അനിവാര്യമാണ് എങ്കിൽ ജോലിക്കോ ഹജ്ജ് ഉംറ പോലുള്ള കാര്യങ്ങൾക്കോ പോകുന്നതിൽ കുററമില്ല. ഇദ്ദയുടെകാലം കഴിഞ്ഞേ വിധവ പുനർവിവാഹത്തിൽ ഏർപ്പെടാൻ പാടുള്ളൂ. ഗർഭിണിയുടെ ഇദ്ദ പ്രസവത്തോടെ അവസാനിക്കുന്നതാണ്.

നാഥാ മരണരംഗം ആശ്വാസമേകി, സ്വർഗം തന്ന് നീ ഞങ്ങളെ അനുഗ്രഹിക്കേണമേ (ആമീൻ ).

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلى آلِهِ وَصَحْبِهِ أَجْمَعِين .

*********